**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 544** **10-02-2025 - ൽ മറുപടിയ്ക്ക്**

**കേരള പെൻഷൻ മൊബൈൽ ആപ്പ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) | ട്രഷറിയുടെ കേരള പെൻഷൻ മൊബൈൽ ആപ്പിലുള്ള പെൻഷൻ ഐ.ഡി. കാർഡിൽ പെൻഷനറുടെ ഫോട്ടോ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫോട്ടോ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ട്രഷറിയുടെ '**കേരള പെൻഷൻ**' മൊബൈൽ ആപ്പിലുള്ള ഡിജിറ്റൽ പെൻഷൻ ഐ ഡി കാർഡിൽ പെൻഷണറുടെ ഫോട്ടോയും ഒപ്പും ലഭ്യമാകുന്നതിനായി, ഫോട്ടോയും ഒപ്പും ഓരോ പെൻഷനറും ട്രഷറിയിൽ സമർപ്പിക്കേണ്ടതുണ്ട്. ഫോട്ടോയും ഒപ്പും ട്രഷറി പെൻഷൻ ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുമ്പോൾ '**കേരള പെൻഷൻ**' മൊബൈൽ ആപ്പിലെ ഡിജിറ്റൽ തിരിച്ചറിയൽ കാർഡിൽ ഫോട്ടോയും ഒപ്പും ഉൾപ്പെട്ട് വരുന്നതാണ്. ഫോട്ടോയും ഒപ്പും പെൻഷൻകാരിൽ നിന്നും ലഭ്യമാക്കി ആയത് ട്രഷറി പെൻഷൻ ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ ട്രഷറികൾക്കും 10/12/2024 ന് തന്നെ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പെൻഷൻ കാർഡ് ഗവൺമെന്റ് സർവ്വീസ് പെൻഷനേഴ്സ് ഐ.ഡി. കാർഡായി ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | ഡിജിറ്റൽ പെൻഷൻ ഐ ഡി കാർഡ് ഗവൺമെന്റ് സർവീസ് പെൻഷണേഴ്സ് ഐ ഡി കാർഡായി ഉപയോഗിക്കുന്നതിന് തടസ്സമില്ല. |
| (സി) | പെൻഷൻ വാങ്ങുന്നവർക്ക് കേരളത്തിലെ ഏത് ട്രഷറിയിലും മസ്റ്ററിംഗ് ചെയ്യുന്നതിന് വ്യവസ്ഥയുണ്ടോ; ഇല്ലായെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ട്രഷറി മുഖേന പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാർക്ക് കേരളത്തിലെ ഏത് ട്രഷറി മുഖേനയും മസ്റ്ററിംഗ് ചെയ്യാവുന്നതാണ്. |
| (ഡി) | യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ളവരുടെ മസ്റ്ററിംഗിനു സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ; | (ഡി) | യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ള പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ്, ജീവൻപ്രമാൺ, വാതിൽപ്പടി സേവനം എന്നിവ വഴി മസ്റ്ററിംഗ് ചെയ്യാവുന്നതാണ്.<br><br>ലൈഫ് സർട്ടിഫിക്കറ്റ് കെ റ്റി സി ചട്ടം 280(എ) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ, വില്ലേജ് ഓഫീസർ, സബ് രജിസ്ട്രാർ, പോലീസ് സബ് ഇൻസ്പെക്ടർ എന്നിവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയതായിരിക്കണം. പെൻഷൻ മസ്റ്ററിൽ ആധാർ നമ്പർ ചേർത്തിട്ടുള്ള പെൻഷൻകാർക്ക് ജീവൻപ്രമാൺ പോർട്ടൽ വഴി |

| | | | |
|---|---|---|---|
| | | | ഓൺലൈനായി മസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ, കേരളത്തിൽ താമസിക്കുന്ന 80 വയസ്സ് കഴിഞ്ഞ ശയ്യാവലംബരായ പെൻഷൻകാർക്ക് അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ട്രഷറി വകുപ്പ് വാതിൽപ്പടി മസ്റ്ററിംഗ് സേവനം നൽകി വരുന്നുണ്ട്. |
| (ഇ) | കേരള പെൻഷൻ മൊബൈൽ ആപ്പ് പ്രകാരം പെൻഷനറുടെ ക്രെഡിറ്റിലുള്ള നീക്കിയിരിപ്പ് തുക എത്രയാണെന്ന് അറിയുന്നതിനുള്ള സൗകര്യം കൂടി ഏർപ്പെടുത്തുമോ? | (ഇ) | കേരള പെൻഷൻ മൊബൈൽ ആപ്പ് വഴി പെൻഷണറുടെ പ്രതിമാസ പെൻഷൻ വിവരവും പെൻഷൻ മാസ്റ്ററിലെ വിവരങ്ങളും മാത്രമേ നിലവിൽ അറിയാൻ സാധിക്കുകയുള്ളൂ. പി ടി എസ് ബി (പെൻഷൻ ട്രഷറി സേവിംഗ്സ് ബാങ്ക്) അക്കൗണ്ട് മുഖേന പെൻഷൻ വാങ്ങുന്ന പെൻഷൻകാർക്ക് TSB ഓൺലൈൻ സൗകര്യം ഉപയോഗിച്ച് അക്കൗണ്ട് ബാലൻസ് വിവരങ്ങൾ അറിയുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ